മലയോര മേഖലയിൽ ലഭ്യമായ ജലസ്രോതസ്സുകളിൽ ചെറുസംഭരണികൾ നിർമ്മിച്ച്, ജലം സംഭരിച്ച് ഉപയോഗയുക്തമാക്കുന്നു. ഈ പദ്ധതിയിൽ 4 ലക്ഷം രൂപവരെയുള്ള പണികൾ ഏറ്റെടുത്ത് നടപ്പാക്കുന്നു.

ജലവാഹിനി പദ്ധതി

ജലസേചനത്തിനുതകുന്ന കുളങ്ങളുടെ പുനരുദ്ധാരണം, റിവർ ബേസിൻ പദ്ധതികൾ, ലാന്റ് റിക്ലമേഷൻ പദ്ധതികൾ എന്നിവയാണ് ഈ പദ്ധതിയിൻ കീഴിൽ ചെയ്തുവരുന്ന പണികൾ

ഇതുകൂടാതെ, നദികളിൽ ഉപ്പുവെള്ളം കലരുന്നത് തടയുന്നതിന് തടയണകൾ നിർമ്മിക്കേണ്ട സ്ഥാനം, കേരള വാട്ടർ അതോറിറ്റി നിർണ്ണയിക്കുകയും സാധാരണയായി ജലസേചന വകുപ്പു പണികഴിപ്പിക്കുകയും ചെയ്യുന്നു. വെള്ളായണി കായൽ സംരക്ഷിക്കുന്നതിനുവേണ്ടി 10 കോടി രൂപ ചെലവു കണക്കാക്കി ഒരു പദ്ധതി, വാട്ടർ അതോറിറ്റി ആവിഷ്കരിച്ചിട്ടുമുണ്ട്.

(ബി) നദികളിൽ തടയണകൾ നിർമ്മിച്ച്, ഉപരിതല ജലശേഖരണവും ഭൂഗർഭ ജലസംഭരണ ശേഷിയും വർദ്ധിപ്പിക്കുവാൻ കഴിയും. വാട്ടർ അതോറിറ്റിയും ജലസേചനവകുപ്പും കൂടി സംയുക്തമായി പരിശോധന നടത്തി, സ്ഥാന നിർണ്ണയം ചെയ്ത് പണി ജലസേചന വകുപ്പ് ഏറ്റെടുത്തു നടപ്പാക്കുന്നു. കൂടാതെ, ഒഴുകിപ്പോകുന്ന ഭൂജലത്തെ തടഞ്ഞുനിർത്തി ഭൂജല സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന തടയണകൾ, കേന്ദ്ര ഭൂജല ബോർഡും സംസ്ഥാന ഭൂജല വകുപ്പും ചേർന്നു നിർമ്മിച്ചുവരുന്നു.

ഭൂജലം സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത നിയമത്തിന്റെ കരടുബിൽ ആയിട്ടുണ്ട്.

(സി) കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പുമുഖേന നടപ്പാക്കുന്നുണ്ട്. ഉറവകളെ സംരക്ഷിക്കുന്നതിന് മലയോര ജലസംഭരണ പദ്ധതി മുഖാന്തിരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) തോടുകളും കുളങ്ങളും നികത്തുന്നതു തടയേണ്ടതു അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ നിയമം കൊണ്ടുവരുന്ന കാര്യം ഉൾപ്പെടെയുള്ളവ പരിശോധിക്കാവുന്നതാണ്.

**13 (*243) മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ഡോക്ടർ എം.എ. കുട്ടപ്പൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഓരോന്നും വഴി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

(ബി) സമാന സ്വഭാവമുള്ള ആനുകൂല്യങ്ങൾ ഇവ ഓരോന്നും നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കുവാൻ നടപടിയെടുക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഫീഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. സമ്പാദ്യ ആശ്വാസ പദ്ധതി
2. മത്സ്യ ഭവനുകൾ
3. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
4. പത്താം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ, ഭവനം, കുടിവെള്ളം, റോഡുകൾ
5. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് 35,000/-രൂപ ഭവന നിർമ്മാണ ഗ്രാന്റ്
6. തീരജ്യോതി പദ്ധതി
7. തീരദേശ സാമൂഹ്യ സൗകര്യങ്ങളുടെ വികസന പദ്ധതി
8. മത്സ്യത്തൊഴിലാളി യുവാക്കൾക്ക് മറ്റ് തൊഴിലുകളിൽ പരിശീലനം
9. ഫിഷറീസ് സ്റ്റേഷനുകൾ
10. മത്സ്യ വിപണനത്തിന് സഹായം.
11. മത്സ്യ സംസ്കരണ വിപണന മേഖലകളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി. സാമ്പത്തിക സഹായത്തോടെയുള്ള സംയോജിത കടലോര മത്സ്യ വികസന പദ്ധതി.
2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെയുള്ള വിവിധ പദ്ധതികൾ
3. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ വിവിധ പദ്ധതികൾ
4. രാഷ്ട്രീയ മഹിളാഖോശ് ലോൺ
5. അനുയോജ്യമായ വല വിതരണം ചെയ്യൽ
6. ബാങ്കബിൾ സ്കീം.
7. മോട്ടോറൈസേഷൻ സ്കീം.
8. ന്യൂ ജനറേഷൻ ക്രാഫ്റ്റ്
9. പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം.
10. എൻ.സി.ഡി.സി സഹായത്തോടെയുള്ള സംയോജിത ഉൾനാടൻ മത്സ്യ വികസന പദ്ധതി
11. അലങ്കാര മത്സ്യക്കൃഷി പദ്ധതി
12. മത്സ്യ വിപണന സ്റ്റാൾ പദ്ധതി
13. വനിതാ ബസ്സ് സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ്

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം – ആശ്രിതർക്ക് ധനസഹായം

3. വിവാഹ ധനസഹായം

4. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം

5. വാർദ്ധക്യകാല പെൻഷൻ

6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ധനസഹായ പദ്ധതി.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം.

8. എസ്.എസ്.എൽ.സി. ക്ക് ക്യാഷ് അവാർഡും തുടർവിദ്യാഭ്യാസത്തിന് ധനസഹായവും.

9. കുടുംബ സംവിധാന പദ്ധതി

10. മാരകരോഗ ചികിത്സാപദ്ധതി.

11. സാനിട്ടേഷൻ പദ്ധതി.

12. ചെയർമാൻസ് റിലീഫ് ഫണ്ട്

13. നേത്രജ്യോതി

14. ബോർഡിന്റെ പ്രത്യേക ധനസഹായം

15. പ്രസവശുശ്രൂഷയ്ക്കുള്ള സഹായ പദ്ധതി.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**14 (*244) ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുവാൻ നടപടി**

ശ്രീ. എൻ. കണ്ണൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല ചരിത്ര സ്മാരകങ്ങളും അവഗണിക്കപ്പെടുന്നതിന്റെ ഫലമായി നശിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ;

(സി) ചരിത്ര സ്മാരകങ്ങളുടെ ചരിത്ര പശ്ചാത്തലം സൂചിപ്പിക്കുന്ന ആലേഖനങ്ങൾ ഉൾക്കൊള്ളിക്കുവാനും പ്രസ്തുത സ്മാരകങ്ങൾ സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly